പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 168 — 01.02.2018 -ൽ മറുപടിക്ക്.

## ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.കെ.മുരളീധരൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ ; | (എ) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്കവിധം ഹോട്ടലുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിലും കൂടുതൽ വില ഭക്ഷണസാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് സർക്കാരിനുള്ളത്. ഇത് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ ഫുഡ് സ്റ്റഫ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ് പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(ബി) ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് ഒരു ബിൽ കൊണ്ടുവന്നിരുന്നോ ;

(സി) അപ്രകാരമുള്ള ഒരു ബിൽ കൊണ്ടുവരുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കുമോ ?

(ബി) & (സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് രൂപം നല്കിയ 2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല് നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. തുടർന്ന് ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം സർക്കാർ പരിശോധിച്ചു. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും അത് അപ്രായോഗികമാണെന്നും ടി ബില്ലിന് പ്രസക്തിയില്ലായെന്നും കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ